1/4520987/2021

പുതിയ ഉത്തരം

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4577. 29/10/2021 -ൽ മറുപടിയ്ക്ക്

**കാസർകോട് ജില്ലയിലെ കാറഡുക്ക പഞ്ചായത്തിലെ കാട്ടുപന്നി ശല്യം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ എൻ എ നെല്ലിക്കുന്ന് : | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം, വന്യജീവി വകുപ്പുമന്ത്രി) |
| (എ) | കാസർകോട് ജില്ലയിലെ കാറഡുക്ക പഞ്ചായത്തിൽ പി.കുഞ്ഞമ്പു നായർ എന്ന 6 6 വയസ്സുകാരൻ സ്കൂട്ടറിൽ യാത്ര ചെയ്യവേ കാട്ടുപന്നിയെ ഇടിച്ച് റോഡിലേക്ക് തെറിച്ചുവീണ് മരിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 02.10.2021 രാവിലെയാണ് ടി സംഭവമുണ്ടായത്. മംഗലാപുരം ആശുപത്രിയിൽ വച്ച് ടിയാൻ അന്നേ ദിവസം മരണപ്പെട്ടു. |

| | | | |
|---|---|---|---|
| (ബി) | ഈ പ്രദേശത്ത് വർഷങ്ങളായി കാട്ടുപന്നി ശല്യം വ്യാപകമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാറഡുക്ക പഞ്ചായത്ത് കാറഡുക്ക റിസർവ്വ് ഫോറസ്റ്റിന് സമീപമാണ്. ആയതിനാൽ, കാട്ടുപന്നികൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷിയിടങ്ങളിൽ കൂടുതലായി ഇറങ്ങുന്നുണ്ട്. കാസർഗോഡ് ഡിവിഷനിൽ ജനവാസ കേന്ദ്രത്തിൽ ഇറങ്ങി കാർഷിക വിളകൾക്ക് നാശം ഉണ്ടാക്കുന്ന വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിനായി 6 ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ജനവാസ കേന്ദ്രങ്ങളിലുള്ള കാട്ടുപന്നികളെ സർക്കാർ ഉത്തരവ് പ്രകാരം കൊല്ലുന്നതിനുള്ള നടപടി വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 9 കാട്ടുപന്നികളെ ഇപ്രകാരം കൊന്നിട്ടുണ്ട്. കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിനായി കാസർഗോഡ് ഡിവിഷനിൽ കർഷകരായുള്ള 37 പേരെ അവരുടെ അപേക്ഷപ്രകാരം എം പാനൽ ചെയ്ത് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ കാറഡുക്ക ബ്ളോക്ക് പഞ്ചായത്തിന്റെ പരിധിയിൽ കർഷകരായ 11 പേർക്ക് അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കാസർകോട് ജില്ലയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ കഴിഞ്ഞ പതിനഞ്ചു വർഷത്തിനിടെ എത്രപേർക്ക് ജീവൻ നഷ്ടപ്പെട്ടു എന്നും എത്രപേർക്ക് പരിക്കേറ്റു എന്നും വ്യക്തമാക്കാമോ; മരണപ്പെട്ടവർക്കും പരുക്കേറ്റവർക്കും നൽകിയ ധനസഹായങ്ങളെക്കുറിച്ച് വിശദാംശം നൽകാമോ; | (സി) | വ്യക്തമാക്കാം. കാസർകോട് ജില്ലയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ കഴിഞ്ഞ 15 വർഷത്തിനിടെ 7 പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. ധനസഹായ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>31 പേർക്ക് പന്നിയുടെ ആക്രമണം മൂലം പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽപ്പെട്ട 26 പേർക്ക് ധനസഹായം നൽകിയതിന്റെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>5 പേർക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട്. ധനസഹായം നൽകാൻ ബാക്കിയുള്ള 5 അപേക്ഷകളുടെ വിവരം അനുബന്ധം 3 ആയി ചേർക്കുന്നു. |
| (ഡി) | 2021 ഒക്ടോബർ 2 ന് മരണപ്പെട്ട കുഞ്ഞമ്പു നായരുടെ കുടുംബത്തിന് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ എന്നും ഇനി എന്തൊക്കെ സഹായം നൽകുമെന്നും വ്യക്തമാക്കാമോ? | (ഡി) | നിലവിൽ സാമ്പത്തിക സഹായം നൽകിയിട്ടില്ല. കാട്ടുപന്നിമൂലം ജീവഹാനി സംഭവിക്കുന്ന കേസ്സുകളിൽ അനന്തരാവകാശിക്ക് 10 ലക്ഷം രൂപയുടെ നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. നഷ്ടപരിഹാരത്തിനുള്ള അപേക്ഷ ലഭിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പോലീസ് റിപ്പോർട്ടിന്റെയും പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നഷ്ടപരിഹാര തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

(signature)
സെക്ഷൻ ഓഫീസർ

**പതിനഞ്ചാമത് കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4577**

**അനുബന്ധം -1**

| ക്രമ നം. | പേര് | വർഷം | ധനസഹായം നൽകിയ തുക |
|---|---|---|---|
| 1 | ആയിഷാബി | 2015 | 5,00,000/- |
| 2 | ജോസ് മാടത്തിൽ | 2018 | 5,00,000/- |
| 3 | കെ കെ കൃഷ്ണൻ | 2018 | 10,00,000/- |
| 4 | വെള്ളൻ | 2020 | 10,00,000/- |
| 5 | രാജേഷ് | 2020 | 5,00,000/- |
| 6 | എത്തപ്പ നായിക്ക് | 2020 | 5,00,000/- |
| 7 | കുഞ്ഞമ്പു നായർ | 2021 | ധന സഹായം നൽകിയിട്ടില്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

| വർഷം | പരിക്കേറ്റവരുടെ എണ്ണം | ധനസഹായം നൽകിയ തുക |
|---|---|---|
| 2012 | 5 | 24,460.00 |
| 2013 | 1 | 10,710.00 |
| 2014 | 1 | 11,285.00 |
| 2015 | 9 | 1,27,966.00 |
| 2017 | 4 | 2,10,032.00 |
| 2019 | 4 | 1,27,965.00 |
| 2020 | 2 | 57,236.00 |

സെക്ഷൻ ഓഫീസർ



Generated from eOffice by SINDHU U, ASO (D3) F&WLD, ASO (D3) F&WLD, F&WLD on 13/12/2022 11:16 AM

അനുബന്ധം - 3

| വർഷം | എണ്ണം | ധനസഹായം നൽകാൻ ബാക്കിയുള്ള തുക |
|---|---|---|
| 2020 | 2 | 37,100.00 |
| 2021 | 3 | 83,300.00 |
| **ആകെ** | **5** | **1,20,400.00** |

സെക്ഷൻ ഓഫീസർ